പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 16

27.02.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

ചോദ്യം

ശ്രീ.പി.കെ.ശശി

ഉത്തരം

ശ്രീ.പിണറായി വിജയൻ

മുഖ്യമന്ത്രി

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) രൂപീകരിക്കാനുള്ള സർക്കാർ തീരുമാനം അട്ടിമറിക്കാനായി സെക്രട്ടേറിയറ്റ് ജീവനക്കാർ നിസ്സഹകരണത്തിലാണോ; ഇവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ എന്തെല്ലാം;

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടറിമാരുടെ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അഭിപ്രായം ആരായുന്നതിനായി 2016 നവംബർ 17, 18, 19 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. തുടർന്ന് 13.01.2017 ൽ മുഖ്യമന്ത്രി നേരിട്ടും 15.02.2017 ൽ ചീഫ് സെക്രട്ടറിയും സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി.

(ബി) ഡിസംബർ 28 ന ശേഷം സെക്രട്ടേറിയറ്റിലെ ഓരോ സെക്ഷനിലേയും ഫയലുകളുടെ സമർപ്പണങ്ങളിൽ സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരമല്ലാത്ത കാലതാമസമോ ഫയലുകളിൽ അണ്ടർസെക്രട്ടറി മുതൽ ഐ.എ.എസ് ഉദ്യോഗസ്ഥർ വരെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതിൽ കാലതാമസമോ മറ്റു തടസ്സങ്ങളോ ഉണ്ടാക്കിയതായി സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികൾക്കായി സർക്കാർ ഫണ്ട് അനുവദിക്കുക, അവ വിതരണം ചെയ്യുക എന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തിയ ഐ.എ.എസ് വിഭാഗം ഉൾപ്പെടെ മറ്റു സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുണ്ടോ എന്നു സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സെക്രട്ടേറിയറ്റിൽ ഒരു വകുപ്പ് തീരുമാനമെടുക്കുന്ന കാര്യങ്ങളിൽ ധനകാര്യ

(ബി) (സി) (ഡി) പരിശോധിച്ചുവരുന്നു.

വകുപ്പിനും നിയമവകുപ്പിനും മറ്റു വകുപ്പുകളുണ്ടെങ്കിൽ അത്തരം വകുപ്പുകൾക്കുമായി തട്ടിക്കളിച്ച് ഫയലുകൾക്ക് കാലതാമസം വരുത്തുന്ന പ്രവണത അടുത്തകാലങ്ങളിൽ സെക്രട്ടേറിയറ്റിൽ കൂടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണത തടയുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം ദുഷ് പ്രവണതകളും പ്രതിഷേധ രീതികളും, ആയവ മൂലമുണ്ടാകുന്ന പൊതുജന പ്രശ്നങ്ങളും സർക്കാർ വിലയിരുത്താനും സെക്രട്ടേറിയറ്റിലെത്തുന്ന അപേക്ഷകൾക്ക് യഥാസമയം തീർപ്പു കല്പിക്കാനും അപേക്ഷകളിൽ അപാകതകളുണ്ടെങ്കിൽ ആദ്യമേ തന്നെ അവ പരിഹരിച്ച് അപേക്ഷകൾ സ്വീകരിക്കാനും ജനോപകാര പ്രദമായി കാര്യങ്ങൾ ചെയ്യുവാനുമായി കേരള സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്കരിക്കാനും ഒപ്പം ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ്, ജീവനക്കാരുൾപ്പെടെ സംസ്ഥാന സർക്കാർ ജീവനക്കാർ അവരുടെ മേഖലകളിൽ ഫയൽ കൈകാര്യം ചെയ്യൽ, തീർപ്പാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സമയബന്ധിതമായ ഒരു നിയമ വ്യവസ്ഥയുണ്ടാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

(ഇ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണനവീകരണം സർക്കാർ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 4-ാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ